## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5052 30-06-2014-ൽ മറുപടിക്ക്

### കഞ്ചാവ് വിൽപ്പനയ്ക്കെതിരെ നടപടി

| ചോദ്യം: ശ്രീ. ബാബു എം. പാലിശ്ശേരി: | | ഉത്തരം: ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഞ്ചാവ് വില്പന നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | 2808 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; | (സി) | 2091 പേർക്കെതിരെ എൻ.ഡി.പി.എസ്. നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട്. |
| (ഡി) | കഞ്ചാവ് ലോബിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (ഡി) | കഞ്ചാവ്, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ അന്യസംസ്ഥാനങ്ങളിൽ നിന്ന് കടത്തുന്നത് തടയാൻ, അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കർശന വാഹന പരിശോധനയും പട്രോളിംഗും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. ജില്ലാതലങ്ങളിൽ എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് യൂണിറ്റുകളും, ഇടുക്കി ജില്ലയ്ക്ക് പ്രത്യേകമായി നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും കഞ്ചാവും മറ്റ് ലഹരി സാധനങ്ങളും കണ്ടുപിടിക്കുന്നതിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ആഫീസർ